"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - ഞാറയിൽക്കോണം മുസ്ലീം എൽ.പി.എസ്.ൽ എൽ.പി.എസ്.റ്റി. ആയ ശ്രീമതി രേവതി ഗോപിനാഥ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10301/2025/GEDN തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. ശ്രീമതി രേവതി ഗോപിനാഥ് സമർപ്പിച്ച 02/07/2025-ലെ ഹർജി.
2. കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/09/2025-ലെ AEOKMR/768/2025-D നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/09/2025-ലെ F1/14492/2025/DGE നമ്പർ കത്ത്.

**ഉത്തരവ്**

ഞാറയിൽക്കോണം മുസ്ലീം എൽ.പി.എസ്.ൽ എൽ.പി.എസ്.റ്റി. ആയ ശ്രീമതി രേവതി ഗോപിനാഥ് സമർപ്പിച്ചിരിക്കുന്ന പുനഃപരിശോധന ഹർജിയിൽ 09/09/2025 തീയതിയിൽ വാദം കേട്ടു.

2. ഹർജിക്കാരിയായ ശ്രീമതി രേവതി ഗോപിനാഥിന്റെയും മാനേജരുടെയും വാദം പൊതുവിൽ താഴെ പറയും പ്രകാരം ആയിരുന്നു.

കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഞാറയിൽക്കോണം എം.എൽ.പി.എസ്. എന്നെ എൽ.പി.എസ്.റ്റി ആയി 15/11/2024 മുതൽ ശ്രീമതി റസീന എസ്. എൽ.പി.എസ്.റ്റി 31/05/2022 ൽ റിട്ടയർ ചെയ്തതുമൂലം 01/06/2022 മുതൽ നിലവിൽ വന്ന ഒഴിവിൽ നിയമിച്ചിരുന്നു. ഈ ഒഴിവിൽ തുടർന്നുവരുന്ന എന്റെ നിയമനം ഇനിയും അംഗീകരിക്കപ്പെട്ടിട്ടില്ല.

01/06/2022 മുതൽ ഈ ഒഴിവിൽ എൽ.പി.എസ്.റ്റി ആയി എനിക്കു മുമ്പേ നിയമിക്കപ്പെട്ടിരുന്ന ശ്രീമതി പൂജ പ്രദീപ് അംഗീകാരം ലഭിക്കുന്നതിനു മുമ്പ്, വേറെ ജോലികിട്ടി പോയതിനെ തുടർന്ന്, ടെർമിനേറ്റ് ചെയ്യപ്പെട്ടതുമൂലം നിലവിൽ വന്ന ഒഴിവിലാണ് 15/11/2024 മുതലുള്ള എന്റെ നിയമനം. എന്റെ നിയമനാംഗീകാരം വൈകുന്നതിനുള്ള കാരണം സീനിയറായി നിയമിക്കപ്പെട്ട ശ്രീമതി ഫെജിന ബി.ആർ. എൽ.പി.എസ്.റ്റി-യുടെ നിയമനാംഗീകാരവും സർവ്വീസ് ക്രമീകരണവും നടക്കാത്തതിനാലാണ്.

2011-12 ൽ ഈ സ്കൂളിൽ 2 അധിക എൽ.പി.എസ്.റ്റി തസ്തികകൾ അനുവദിച്ചിരുന്നു. 2012-13 ൽ 1 എൽ.പി.എസ്.റ്റി തസ്തിക നഷ്ടമായെങ്കിലും 2014-15 ൽ വീണ്ടും 1 അധിക എൽ.പി.എസ്.റ്റി തസ്തികയനുവദിച്ചിരുന്നു. 2011-12 മുതൽ തുടർന്നുവന്ന എൽ.പി.എസ്.റ്റി-യുടെ

അധിക തസ്തികയിൽ 01/06/2016 മുതൽ ശ്രീമതി എം.റഹീലയെ എൽ.പി.എസ്.റ്റി ആയി നിയമിക്കുകയും ആയത് അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. 2014-15 ൽ അനുവദിച്ച എൽ.പി.എസ്.റ്റി-യുടെ അധിക തസ്തികയിൽ ശ്രീമതി ഫെജിന ബി.ആർ.-നെ 17/08/2016 മുതൽ എൽ.പി.എസ്.റ്റി ആയി നിയമിച്ചിരുന്നു. ജി.ഒ.(പി)നം.4/2021/പൊ.വി.വ തീയതി 06/02/2021 പ്രകാരമുള്ള സത്യവാങ്മൂലം (1:1 അനുപാതത്തിൽ ഭാവിയിൽ ഉണ്ടാകുന്ന ഒരൊഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി ബഹു:സുപ്രീം കോടതിവിധിക്ക് വിധേയമായി വിട്ടു നൽകാമെന്ന സത്യപ്രസ്താവന) മാനേജർ നൽകിയതിനാൽ ശ്രീമതി ഫെജിനയുടെ നിയമനം 17/08/2016 മുതൽ അംഗീകരിച്ചു നൽകിയിരുന്നു. എന്നാൽ, ശ്രീമതി റഹീല എം.ന്റെ നിയമനം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 1:1 അനുപാതം പാലിച്ചു സംരക്ഷിതാദ്ധ്യാപകനെ നിയമിക്കേണ്ട തസ്തികയിലാണ് ശ്രീമതി ഫെജിനയെ നിയമിച്ചിട്ടുള്ളതെന്നതിനാലും 2016-17 ൽ 1 എൽ.പി.എസ്.റ്റി തസ്തിക കുറഞ്ഞിട്ടുള്ളതിനാലും ശ്രീമതി ഫെജിനയുടെ നിയമനാംഗീകാരം റദ്ദാക്കണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിച്ചിരുന്നു. ഇതിനെതിരെ ശ്രീമതി ഫെജിന ഫയൽ ചെയ്ത WP(C)No.23705/2022 ഹർജിയിന്മേൽ കോടതി നിർദ്ദേശാനുസരണം ഗവൺമെന്റ് പുറപ്പെടുവിച്ച 03/04/2023 ലെ സ.ഉ.(സാധാ)നം.2310/2023/പൊവിവ ഉത്തരവ് പ്രകാരം ശ്രീമതി ഫെജിനയുടെ നിയമനാംഗീകാരം നിലനിർത്തണമെന്ന ആവശ്യം ഗവൺമെന്റ് നിരാകരിച്ചിരുന്നു.

എന്നാൽ, 2017-18 മുതൽ ഒരധിക എൽ.പി.എസ്.റ്റി തസ്തിക നിലവിലുള്ളതിനാൽ ശ്രീമതി ഫെജിനക്ക് മാനേജരുടെ മേൽപ്പറഞ്ഞ ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരത്തിന് അർഹതയുണ്ടെന്നും എന്നാൽ, ശ്രീമതി റഹീലയുടെ നിയമനം അംഗീകരിച്ച വകയിൽ 1:1 അനുപാത പ്രകാരം 1 എൽ.പി.എസ്.റ്റി ഒഴിവ് സംരക്ഷിതാദ്ധ്യാപകനായി മാറ്റിവയ്ക്കണമെന്നും ഗവൺമെന്റ് ടി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

എന്നാൽ, മേൽപ്പറഞ്ഞ ഗവൺമെന്റ് ഉത്തരവ് ചോദ്യം ചെയ്ത് സ്കൂൾ മാനേജർ സമർപ്പിച്ച WP(C)No.32369/2024 ഹർജി തീർപ്പാക്കി 27/09/2024 ൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ മേൽപ്പറഞ്ഞ ഗവൺമെന്റ് ഉത്തരവ് റദ്ദാക്കുകയും ടി റിട്ട് ഹർജിയിൽ മാനേജരുന്നയിച്ചിട്ടുള്ള കാര്യങ്ങൾ ബന്ധപ്പെട്ടവരുമായി നേർക്കുടിക്കാഴ്ച നടത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കാനും നിർദ്ദേശിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ, നേർക്കുടിക്കാഴ്ച നടത്തി ഗവൺമെന്റ് പുറപ്പെടുവിച്ച സ.ഉ.(സാധാ) നമ്പർ/3776/2025/പൊവിവ തീയതി 10/06/2025 ഉത്തരവിൽ ശ്രീമതി എം.റഹീലയുടെ നിയമനം അംഗീകരിച്ചതിനുപകരം 1:1 അനുപാത പ്രകാരം 2020-21 ന് ശേഷം വരുന്ന ആദ്യ ഒഴിവ് സംരക്ഷിതാദ്ധ്യാപകനായി വിട്ടുനൽകി ഡിക്ലറേഷൻ സമർപ്പിക്കാൻ മാനേജർക്കും അതിന്റെയടിസ്ഥാനത്തിൽ ശ്രീമതി ഫെജിനയുടെ നിയമനം 2017-18 ലെ അധിക തസ്തികയിൽ അംഗീകരിക്കാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകിയിരിക്കുകയാണ്.

2020-21-നു ശേഷം നിലവിൽ വന്ന ആദ്യ ഒഴിവ് 01/06/2022 മുതൽ ശ്രീമതി പൂജാ പ്രദീപ്-നെ എൽ.പി.എസ്.റ്റി ആയി നിയമിച്ചിരുന്നതും ടിയാരി ഒഴിഞ്ഞുപോയതിനാൽ 15/11/2024 മുതൽ എന്നെ നിയമിച്ചിട്ടുള്ളതുമായ എൽ.പി.എസ്.റ്റി-യുടെ റിട്ടയർമെന്റൊഴിവാണ്. ഈ ഒഴിവ് വിട്ടുനൽകിയാൽ 15/11/2024 മുതൽ നിയമാനുസരണം എൽ.പി.എസ്.റ്റി ആയി നിയമിക്കപ്പെട്ട് ഹാജർ മാർക്ക് ചെയ്തു ടൈംടേബിൾ പ്രകാരം ജോലി നോക്കിവരുന്ന എനിക്ക് തസ്തിക നഷ്ടമാകുന്ന സ്ഥിതിയുണ്ടാകും. ഇത്തരത്തിലൊരു തീരുമാനം കൈക്കൊള്ളുന്നതിനുമുൻപ്

'Affected Party' എന്ന നിലയിൽ എന്നെ നേരിൽ കേൾക്കാനോ എനിക്ക് ഈ വിഷയത്തിൽ ഒരു നിവേദനമെങ്കിലും ബഹു. ഗവൺമെന്റ് മുമ്പാകെ സമർപ്പിക്കാൻ അവസരം തരികയോ ചെയ്യാതെ പുറപ്പെട്ടുവിച്ചിട്ടുള്ള അനുബന്ധം 2 ഗവൺമെന്റ് ഉത്തരവ് എനിക്ക് സ്വാഭാവിക നീതി നിഷേധിക്കുന്നതാണ്. ഈ സാഹചര്യത്തിലാണ് ടി ഗവൺമെന്റ് ഉത്തരവ് പുനഃപരിശോധിക്കുന്നതിനുവേണ്ടി ബഹു: ഗവൺമെന്റ് മുമ്പാകെ ഞാൻ റൂൾ 98 ചാപ്റ്റർ 14 എ കെ.ഇ.ആർ പ്രകാരം റിവിഷൻ ഹർജി നൽകിയത്. സർവ്വോപരി നിലവിൽ 38 വയസ്സ കഴിഞ്ഞ മുന്നോക്ക സമുദായക്കാരിയായ എനിക്ക് മറ്റൊരു നിയമനം ലഭിക്കാനുള്ള സാധ്യതയും തീരെ കുറവാണ്. അതേസമയം അനുബന്ധം 2 ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശാനുസരണം 1 വ്യവസ്ഥാപിത ഒഴിവ് സംരക്ഷിത ജീവനക്കാരനായി വിട്ടുനൽകാൻ മനേജർ ബാദ്ധ്യസ്ഥനുമാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, എന്നെ നിയമിച്ച 15/11/2024 ന് ശേഷം നിലവിൽ വരുന്ന ആദ്യ ഒഴിവ് 1:1 അനുപാതപ്രകാരം സംരക്ഷിതാദ്ധ്യാപകനായി വിട്ടുനൽകി ഡിക്ലറേഷൻ സമർപ്പിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകണമെന്നും അത്തരത്തിൽ അനുബന്ധം 2 ഗവൺമെന്റ് ഉത്തരവ് ദേഭഗതി ചെയ്തുത്തരവാകണമെന്നും അതിന്റെയടിസ്ഥാനത്തിൽ ശ്രീമതി ഫെജിനയുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് എന്റെ നിയമനവും ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചു തരാൻ കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി ഈ പുനഃപരിശോധന ഹർജി തീർപ്പാക്കാൻ ദയവുണ്ടാകണമെന്നും അപേക്ഷിക്കുന്നു. ശ്രീമതി എം.റഹീലയുടെ എൽ.പി.എസ്.റ്റി നിയമനം 2011-12 ലെ അധിക തസ്തികയിൽ 01/06/2016 മുതൽ അംഗീകരിച്ചതിന്റെയടിസ്ഥാനത്തിൽ G.O.(P)No.29/2016/G.Edn. തീയതി 29/01/2016 ഉത്തരവിലെ വ്യവസ്ഥ പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകനായി വിട്ടുനൽകേണ്ടിയിരുന്ന എൽ.പി.എസ്.റ്റി തസ്തികക്കു പകരം അനുബന്ധം 2 ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശാനുസരണം എന്നെ നിയമിച്ച 15/11/2024 ന് ശേഷം നിലവിൽ വരുന്ന ആദ്യ ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം മാനേജർ ബഹു. ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായും ബോധിപ്പിക്കുന്നു.

<u>3. പൊതുവിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു.</u>

ഞാറയിൽക്കോണം മുസ്ലീം എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി റസീന എസ്. 31/05/2022 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി രേവതി ഗോപിനാഥിനെ 15/11/2024 തീയതി മുതൽ ശമ്പളസ്കെയിലിൽ നിയമിച്ചുകൊണ്ട് മാനേജർ 26/11/2024 തീയതി പ്രാബല്യത്തിൽ നിയമനാംഗീകാരത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. ടി വിദ്യാലയത്തിലെ എൽ.പി.എസ്.ടി. ആയ ശ്രീമതി ഫെജിന യുടെ നിയമനം സംബന്ധിച്ച മാനേജരുടെ റിവിഷൻ അപ്പീൽ സർക്കാർ പരിഗണനയിൽ ആയതിനാൽ ടി അപേക്ഷയിന്മേൽ തുടർനടപടികൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും സ്വീകരിച്ചിരുന്നില്ല.

ടി സ്കൂളിൽ 2015-16 വർഷം ഉണ്ടായ 2 എൽ.പി.എസ്.ടി. അധിക തസ്തികകളിൽ ഒന്നിൽ 01/06/2016 ൽ ശ്രീമതി റഹിലയെയും, 17/08/2016 ൽ ശ്രീമതി ഫെജിനയേയും മാനേജർ നിയമിച്ചു. 1:1 പാലിക്കാത്തതിനാൽ ഈ രണ്ട് നിയമനങ്ങളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു. 17/08/2016 തീയതിയിൽ നിയമിച്ച ശ്രീമതി ഫെജിനയുടെ തസ്തിക

സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിനായി സർക്കാരിന് വിട്ടു നൽകുന്നതിന് ജെ.2/57/2019 തീയതി 08/03/2019 പ്രകാരം സമ്മതപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 01/06/2016 തീയതിയിൽ നിയമിതയായ ശ്രീമതി റഹീലക്ക് നിയമനാംഗീകാരം നൽകിയിരുന്നു. സ.ഉ.(അച്ചടി)നം.4/2021 തീയതി 06/02/2021 ന്റെ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിച്ചതിനെ തുടർന്ന് ശ്രീമതി ഫെജിനയുടെ അധിക തസ്തികയിലെ നിയമനവും അംഗീകരിച്ചു നൽകിയിരുന്നു. സത്യപ്രസ്താവന അംഗീകരിച്ചു നൽകിയിരുന്നു. ശ്രീമതി റഹീലയുടെ നിയമാനംഗീകാരത്തിനായി സർക്കാരിനു നൽകിയ അധിക തസ്തികയിൽ സത്യപ്രസ്താവന പിൻവലിച്ച് സ.ഉ.(അച്ചടി)നം.4/2021 തീയതി 06/02/2021 പ്രകാരം ശ്രീമതി ഫെജിനക്ക് നിയമനാംഗീകാരം നൽകിയത് ശരിയല്ല എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുകയും ശ്രീമതി ഫെജിനയുടെ നിയമനം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി ഫെജിനയുടെ നിയമനം റദ്ദ് ചെയ്യുകയും ചെയ്തു. ഇതിനെതിരെ ശ്രീമതി ഫെജിന ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി) 23705/2022 കേസിന്റെ 21/07/2022 തീയതിയിലെ വിധിന്യായത്തിൽ ശ്രീമതി ഫെജിനയ്ക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ ഉത്തരവാകുകയും ചെയ്തു.

ശ്രീമതി ഫെജിനക്ക് 2016-17 വർഷം നിലനിൽക്കുവാൻ തസ്തിക ലഭ്യമല്ല. എന്നാൽ കോടതി നിർദ്ദേശപ്രകാരം ശമ്പളം നൽകി വരികയും ചെയ്യുകയാണ്. സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിനായി മാനേജർ ഏതെങ്കിലും തസ്തിക (റെഗുലർ തസ്തിക ഉൾപ്പെടെ) വിട്ടുനൽകുന്നപക്ഷം ടിയാളുടെ നിയമനം 2017-18 വർഷം ലഭ്യമായ തസ്തികയിൽ നിയമനാംഗീകാരം നൽകാൻ സാധിക്കുന്നതാണ്. എന്നാൽ മാനേജർ അതിനായി തസ്തിക വിട്ടുനൽകാൻ തയ്യാറല്ലെന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ശ്രീമതി ഫെജിനയുടെ നിയമനാംഗീകാരത്തിനായി റെഗുലർ തസ്തിക ഉൾപ്പെടെ ഒരു തസ്തികയിലും ഒഴിവുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ വരുന്ന ആദ്യ ഒഴിവ് സംരക്ഷിത അധ്യാപക നിയമനത്തിന് മാറ്റിവയ്ക്കുന്നതിനായി മാനേജർക്കും, തസ്തിക മാറ്റിവയ്ക്കാം എന്നുള്ള സമ്മതപത്രം മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് ശ്രീമതി ഫെജിനക്ക് 2017-18 അധ്യയന വർഷത്തെ അധിക തസ്തികയിൽ നിയമനം നൽകുന്നതിന് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി ഞാറയിൽക്കോണം എം.എൽ.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 32369/2024 മേൽ ബഹു:ഹൈക്കോടതി 27/09/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി സ.ഉ.(സാധാ)നം.3776/2025/പൊവിവ തീയതി 10/06/2025 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീമതി ഫെജിനയ്ക്ക് നിയമനാംഗീകാരം നൽകുന്നതിന് 2020-21 വരെ ഒഴിവുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ വരുന്ന ആദ്യ ഒഴിവ് സംരക്ഷിത അധ്യാപക നിയമനത്തിന് മാറ്റിവയ്ക്കാം എന്നുള്ള സമ്മതപത്രം മാനേജർ നാളിതുവരെ ഹാജരാക്കിയിട്ടില്ല. കൂടാതെ മാനേജർ ഭിന്നശേഷി നിയമനത്തിനായി ഒരു തസ്തികയും മാറ്റിവെച്ചിട്ടില്ല. 2020-21 ശേഷം വരുന്ന ആദ്യ ഒഴിവിലേക്കാണ് ശ്രീമതി രേവതി ഗോപിനാഥ് നെ 15/11/2024 തീയതി മുതൽ ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ട് മാനേജർ നിയമനാംഗീകാരത്തിന് ശുപാർശ സമർപ്പിച്ചിരിക്കുന്നത്. മേൽ സാഹചര്യത്തിൽ ശ്രീമതി രേവതി ഗോപിനാഥ് ന്റെ നിയമനാംഗീകാരം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ

15/11/2024 തീയതി മുതലുള്ള നിയമനം കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 30/08/2025 തീയതിയിൽ നിരസിച്ച നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറഞ്ഞ കാര്യങ്ങൾ മാനേജർ പാലിച്ചിട്ടില്ല. ഭിന്നശേഷി നിയമനത്തിനായി തസ്തികയും മാറ്റിവെച്ചിട്ടില്ല, സംരക്ഷിത അധ്യാപക നിയമനത്തിന് മാറ്റിവെക്കേണ്ട ആദ്യ ഒഴിവിലേക്കാണ് ശ്രീമതി രേവതി ഗോപിനാഥ് നെ 15/11/2024 തീയതി മുതൽ ശമ്പള സ്കെയിലിൽ നിയമിച്ചത്. മേൽ കാരണങ്ങളാൽ ശ്രീമതി രേവതി ഗോപിനാഥ് ന്റെ 15/11/2024 മുതലുള്ള നിയമനം അംഗീകരിക്കുവാൻ സാധിക്കുന്നതല്ല.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഞാറയിൽക്കോണം മുസ്ലീം എൽ.പി. സ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീമതി റസീന എസ്. 31/05/2022 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി രേവതി ഗോപിനാഥിനെ 15/11/2024 തീയതി മുതൽ ശമ്പളസ്കെയിൽ മാനേജർ 26/11/2024 തീയതിയിൽ നിയമിച്ചതിന് അംഗീകാരം ലഭിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം. ടി സ്കൂളിൽ 2015-16 വർഷം ഉണ്ടായ രണ്ട് എൽ.പി.എസ്.റ്റി. തസ്തികകളിൽ ഒന്നിൽ നിയമിതയായ ശ്രീമതി ഫെജിനയുടെ നിയമന അംഗീകാരത്തിന് മാനേജർ വിട്ടുനൽകേണ്ട അധിക തസ്തിക വിട്ടുനൽകാത്തതും ഭിന്നശേഷി നിയമനത്തിന് തസ്തിക മാറ്റിവെക്കാത്തതുമാണ് നിലവിൽ ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കാത്തതിന് കാരണം.

5. ശ്രീമതി ഫെജിനയ്ക്ക് 2016-17 വർഷം നിലനിൽക്കാൻ തസ്തിക ലഭ്യമല്ല. എന്നാൽ ടിയാൾ ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത 23705/2022 കേസിലെ 21/08/2022 തീയതിയിലെ വിധിന്യായ പ്രകാരം തസ്തിക ലഭ്യമല്ലാതെ തന്നെ ശമ്പളം നൽകിവരികയാണ്. 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ശ്രീമതി ഫെജിനയുടെ നിയമനാംഗീകാരത്തിനായി റെഗുലർ തസ്തിക ഉൾപ്പെടെ ഒരു തസ്തികയിലും ഒഴിവുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ വരുന്ന ആദ്യ ഒഴിവ് സംരക്ഷിത അധ്യാപക നിയമനത്തിന് മാറ്റിവയ്ക്കുന്നതിനായി മാനേജർക്കും, തസ്തിക മാറ്റിവയ്ക്കാം എന്നുള്ള സമ്മതപത്രം മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് ശ്രീമതി ഫെജിനയ്ക്ക് 2017-18 അധ്യയന വർഷത്തെ അധിക തസ്തികയിൽ നിയമനം നൽകുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി ഞാറയിൽക്കോണം മുസ്ലീം എൽ.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 32369/2024 മേൽ ബഹു:ഹൈക്കോടതി 27/09/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി സർക്കാർ ഉത്തരവ് (ആർ.റ്റി)നം.3776/2025/പൊവിവ തീയതി 10/06/2025 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

6. എന്നാൽ 15/11/2024 തീയതി മുതൽ എൽ.പി.എസ്.റ്റി. ആയി നിയമിക്കപ്പെട്ട് ഹാജർ മാർക്ക് ചെയ്ത് ടൈംടേബിൾ പ്രകാരം ജോലിചെയ്ത് വരുന്ന ശ്രീമതി രേവതി ഗോപിനാഥിനെ നിയമിച്ചിട്ടുള്ള ഈ ഒഴിവ് അധിക തസ്തികക്കായി വിട്ട് നൽകിയാൽ ശ്രീമതി രേവതി ഗോപിനാഥിന് തസ്തിക നഷ്ടമാകുന്ന സ്ഥിതിയുണ്ടാകുമെന്നും നിലവിൽ 38 വയസ്സ് കഴിഞ്ഞ ശ്രീമതി രേവതി ഗോപിനാഥിന് മറ്റൊരു നിയമനം ലഭിക്കാനുള്ള സാധ്യത കുറവാണെന്നും ആയതിനാൽ ശ്രീമതി രേവതി ഗോപിനാഥിനെ നിയമിച്ച 15/11/2024 ന് ശേഷം നിലവിൽ വരുന്ന ആദ്യ ഒഴിവ് സംരക്ഷിത അധ്യാപകനെ നിയമിക്കാനായി വിട്ടു നൽകാൻ തയ്യാറാണെന്ന് മാനേജർ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. ഇതിന് ആവശ്യമായ ഒഴിവ് 2026 നിലവിൽ വരുമെന്നാണ് മാനേജർ അറിയിച്ചിട്ടുള്ളത്. ഭിന്നശേഷി നിയമനത്തിന് 2027-ൽ ഒഴിവ്

വിട്ടു നൽകാൻ തയ്യാറാണെന്നും ഹിയറിംഗ് വേളയിൽ മാനേജർ അറിയിക്കുകയുണ്ടായി.

7. 2020-21 ന ശേഷം നിലവിൽ വന്ന ആദ്യ ഒഴിവിൽ, അതായത് ടി സ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീമതി റസീന 31/05/2022 ന് വിരമിച്ച ഒഴിവിൽ ശ്രീമതി പൂജ പ്രദീപിനെ 01/06/2022 മുതൽ ശമ്പള സ്കെയിലിൽ മാനേജർ നിയമിച്ചെങ്കിലും സീനിയർ നിയമിതയായ ശ്രീമതി ഫെജിനയുടെ നിയമനം റദ്ദ് ചെയ്യേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലാണ് ടി നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു നൽകിയിരുന്നത്. തുടർന്ന് ടിയാൾ സേവനം ഉപേക്ഷിച്ച് പോകുകയും തുടർന്ന് അതേ ഒഴിവിലേക്കാണ് 15/11/2024 മുതൽ ശ്രീമതി രേവതി ഗോപിനാഥിനെ നിയമിക്കുകയും ചെയ്തിട്ടുള്ളത്. നിയമനാംഗീകാരം ലഭിക്കാൻ സാധ്യതയില്ല എന്നറിഞ്ഞുകൊണ്ട് തന്നെയാണ് ശ്രീമതി രേവതി ഗോപിനാഥിനെ ടി ഒഴിവിലേക്ക് മാനേജർ നിയമിച്ചിട്ടുള്ളത് എന്നാണ് അനുമാനിക്കേണ്ടത്.

8. മേൽ സാഹചര്യത്തിൽ, 15/11/2024 ന് ശേഷം നിലവിൽ വരുന്ന ആദ്യ ഒഴിവ് സംരക്ഷിത അധ്യാപകനെ നിയമിക്കാനായി വിട്ടു നൽകാൻ തയ്യാറാണെന്ന മാനേജറുടെ സമ്മതപത്രം കണക്കിലെടുത്ത്, 15/11/2024 ശേഷം വരുന്ന ആദ്യ ഒഴിവ് സംരക്ഷിത അധ്യാപക നിയമനത്തിനായി വിട്ടു നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി, 10/06/2025 തീയതിയിലെ സ.ഉ.(കൈ) നം.3776/2025/പൊ.വി.വ. സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി, ശ്രീമതി രേവതി ഗോപിനാഥിന്റെ നിയമനം 15/11/2024 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല.

9. മേൽ പ്രകാരം ഞാറയിൽക്കോണം മുസ്ലീം എൽ.പി.എസ്.ൽ എൽ.പി.എസ്.റ്റി. ആയ ശ്രീമതി രേവതി ഗോപിനാഥ് സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി രേവതി ഗോപിനാഥ്, എൽ.പി.എസ്.റ്റി., എം.എൽ.പി.എസ്. ഞാറയിൽക്കോണം, തിരുവനന്തപുരം.
മാനേജർ, എം.എൽ.പി.എസ്. ഞാറയിൽക്കോണം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കിളിമാനൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/138/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 17-12-2025 10:36:29

സെക്ഷൻ ഓഫീസർ